കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രം

121. [121] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയതായി നിർമ്മിച്ച വാർഡ് പ്രവർത്തിപ്പിക്കാൻ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ നിവേദനം ലഭിച്ചിരിന്നോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ മുഖ്യമന്ത്രി എന്ത് ഉത്തരവ് പുറപ്പെടുവിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ബി) ആ ഉത്തരവ് നടപ്പിലാക്കി കഴിഞ്ഞെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിൽ അടിയന്തിരമായി ഡോക്ടറെ നിയമിച്ച് റിപ്പോർട്ട് നൽകുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് ഉത്തരവ് നൽകി.

(ബി) നിലവിൽ കല്ലിയൂർ പി. എച്ച്. സി. യിൽ ഡോക്ടറുടെ തസ്തിക യൊന്നും ഒഴിഞ്ഞു കിടപ്പില്ല എന്ന് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് നൽകി.

തലസ്ഥാന വികസന മന്ത്രാലയ രൂപീകരണം

122. [122] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന വികസനകാര്യങ്ങൾ ഏകോപിപ്പിക്കാനും നേതൃത്വം നൽകാനുമായി തലസ്ഥാന വികസന മന്ത്രാലയം രൂപീകരിക്കണമെന്ന് തിരുവനന്തപുരം നോർത്ത് എം. എൽ. എ. യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അനുകൂല നടപടി സ്വീകരിക്കുമോ;

(സി) തലസ്ഥാന വികസന പദ്ധതി ആരംഭിച്ചത് എന്നുമുതലാണെന്ന് അറിയിക്കാമോ;

(ഡി) ഈ പദ്ധതിപ്രകാരം ഇതേവരെ ഏതെല്ലാം വികസന പദ്ധതികൾക്ക് എത്രതുക അനുവദിച്ചു കഴിഞ്ഞുവെന്ന് വിശദമാക്കാമോ;

(ഇ) ഇവയിൽ പൂർത്തിയായി കഴിഞ്ഞവ ഏതെല്ലാം;

(എഫ്) ഇനിയും ആരംഭിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാം;

LIBRARY ARCHIVES Kerala Legislative Assembly

(ജി) തിരുവനന്തപുരം മെഡിക്കൽകോളേജ് മേഖലാ വികസനത്തിനായി ഈ പദ്ധതിപ്രകാരം ഒരു വിദഗ്ദ്ധ ഏജൻസി തയ്യാറാക്കിയ മാസ്റ്റർപ്ലാൻ ചർച്ച ചെയ്ത് ആവശ്യമായ ഭേദഗതികളോടെ കഴിയും വേഗം അംഗീകരിക്കാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) 2001-ൽ ആണ് തീരപ്രദേശം പദ്ധതിക്ക് അനുമതി നൽകിയത്,

(ഡി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഇ) തിരുവനന്തപുരം കോർപ്പറേഷന് 10 ടിപ്പർ ലോറികൾ വാങ്ങി നൽകുന്ന ജോലി പൂർത്തിയായിട്ടുണ്ട്.

(എഫ്) അനുവദിച്ച പദ്ധതികളുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് എംപവേർഡ് കമ്മിറ്റിയുടെ തീരുമാനം ആവശ്യമാണ്.

(ജി) ഇത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കൊച്ചിയിൽ ആരംഭിക്കുന്ന സ്മാർട്ട്സിറ്റിയുടെ വിശദാംശം

123. [123] ശ്രീ. ജോണി നെല്ലൂർ:

,, ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ആരംഭിക്കുന്ന സ്മാർട്ട്സിറ്റിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇതു സംബന്ധമായി കേരളത്തിലെ പ്രതിപക്ഷ കക്ഷികളുടെ നേതാക്കളുമായി മുഖ്യമന്ത്രി എന്നാണ് ചർച്ചകൾ നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത യോഗത്തിന്റെ യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കാലാവധി അവസാനിക്കാൻ പോകുന്ന സർക്കാർ ധൃതിപിടിച്ച് കരാറിൽ ഒപ്പ് വയ്ക്കാതിരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളസർക്കാരിന്റെയും ദുബായ് ഇന്റർനെറ്റ് സിറ്റിയുടെയും സംയുക്ത സംരംഭമായി കൊച്ചിയിലെ ഇൻഫോ പാർക്കിനെ കേന്ദ്രീകരിച്ചുള്ള ഐ. ടി. പാർക്ക് വികസനത്തിനായുള്ള ഒരു പദ്ധതിയാണ് സ്മാർട്ട്സിറ്റി പ്രോജക്ട്. 2004 ഡിസംബറിൽ ഇത് സംബന്ധിച്ച് ഡി. ഐ. സി. കേരള സർക്കാരിന് ഒരു കർത്തവ്യ നിർദ്ദേശം

† അനുബന്ധം XVIII

LIBRARY ARCHIVES Kerala Legislative Assembly.

അനുബന്ധം XVIII

[6-2-2006-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 122 (122) ദയവായി കാണുക]

തിരുവനന്തപുരം നഗര മേഖലയിൽ നടപ്പാക്കിവരുന്ന വികസന പദ്ധതികളും അവയുടെ പ്രവർത്തനങ്ങൾക്ക് ചെലവായ തുകയുടെ (ഏകദേശം) വിശദവിവരങ്ങൾ

1.	വിഴിഞ്ഞം തുറമുഖ വികസന പദ്ധതി	-	2,65,58,698 രൂപ
2.	തീരപഥം പദ്ധതി	-	1,37,08,190 രൂപ
3.	അന്തർദേശീയ കൺവെൻഷൻ സെന്റർ	-	30,46,416 രൂപ
4.	തമ്പാനൂർ, ഈഞ്ചക്കൽ ബസ്റ്റാന്റ് വികസന പദ്ധതി	-	69,27,014 രൂപ
5.	ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്ന പദ്ധതി	-	13,82,16,500 രൂപ
6.	തലസ്ഥാനത്തിന്റെ (വീക്ഷണം) 2033	-	15,33,663 രൂപ
7.	തമ്പാനൂർ-പഴവങ്ങാടി വെള്ളപ്പൊക്ക നിവാരണ പദ്ധതി	-	1,23,29,556 രൂപ
8.	തിരുവനന്തപുരം-കുടിവെള്ളം കിട്ടാത്ത സ്ഥലത്ത് കുടിവെള്ളം എത്തിക്കുന്ന പദ്ധതി	-	8,47,86,210 രൂപ
9.	കോവളം വികസന പദ്ധതി	-	3,50,410 രൂപ
10.	പുത്തരികണ്ടം മൈതാനം	-	55,000 രൂപ
11.	വെള്ളയമ്പലം-ആൽത്തറ റോഡ് വികസനം	-	83,058 രൂപ
12.	നഗരത്തിലെ വഴിവിളക്ക് സ്ഥാപിക്കൽ	-	2,85,080 രൂപ
13.	തിരുവനന്തപുരം മൃഗശാലയിൽ വാക്ക്-ഇൻ-ഏവിയറി നിർമ്മാണം	-	93,340 രൂപ
14.	നഗരത്തിലെ റോഡ് വികസന പ്രവർത്തനം	-	35,29,63,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly